# UDINUR SOUTH ISLAMIYA A L P SCHOOL

## പ്രവേശനോത്സവം



2021- 21 അധ്യയനവർഷത്തെ സ്കൂൾ പ്രവേശനോത്സവം ജൂൺ ഒന്നിന് 10 മണിക്ക് ഗൂഗിൾ മീറ്റ് വഴി വൈവിധ്യമാർന്ന പരിപാടികളോടെ നടത്തുകയുണ്ടായി. പ്രവേശനോത്സവത്തിന് മുന്നോടിയായി സ്കൂളും പരിസരവും അലങ്കരിച്ചു.ഒന്നാം ക്ലാസിലേക്ക് പുതുതായി പ്രവേശനം നേടിയ 20 കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ അടങ്ങിയ സമ്മാന കിറ്റ് അധ്യാപകർ അവരുടെ വീടുകളിൽ എത്തിച്ചു. പ്രവേശനോത്സവ പരിപാടിയിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ഖമറുന്നിസ ടീച്ചർ സ്വാഗതം പറഞ്ഞു. പിടിഎ പ്രസിഡണ്ട് ശ്രീ ടി.സി ഖലീഫ അധ്യക്ഷനായിരുന്നു. പ്രവേശനോത്സവം വാർഡ് മെമ്പർ ശ്രീ അനിൽകുമാർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. അത്താവുള്ള മാസ്റ്റർ മുഖ്യമന്ത്രിയുടെ സന്ദേശം വായിച്ചു.പ്രശസ്ത സിനിമ-സീരിയൽ നടൻ ശ്രീ ഉണ്ണിരാജ് ചെറുവത്തൂർ വിശിഷ്ടാതിഥിയായി എത്തിയിരുന്നു. സ്കൂൾ മാനേജ്മെന്റ് പ്രതിനിധി ശ്രീ ടി അബ്ദുല്ല മാസ്റ്ററും മദർ പി ടി എ പ്രസിഡണ്ട് ശ്രീമതി ഷീബ ടീച്ചറും ചടങ്ങിന് ആശംസകൾ നേർന്നു സംസാരിച്ചു. ഫാത്തിമത്ത് സുഹറ ടീച്ചർ എല്ലാവർക്കും നന്ദി പറഞ്ഞു.

പിന്നീടുള്ള പരിപാടികൾ സ്കൂൾ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെയാണ് നടന്നത്. ചെറുവത്തൂർ എ. ഇ. ഒ സനൽ മാഷിന്റെയും പടന്ന ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മുഹമ്മദ് അസ്‌ലം സാറിന്റെയും ചെറുവത്തൂർ ബി പി സി ബിജുരാജ് സാറിന്റെയും സന്ദേശങ്ങൾ വാട്സ്ആപ്പ് വീഡിയോയിലൂടെ കുട്ടികൾക്ക് നൽകി. ഷഫാനയുടെ വെൽക്കം സ്വീച്ചോടു കൂടി കുട്ടികളുടെ കലാപരിപാടികൾ ആരംഭിച്ചു. പ്രവേശനോത്സവ ഗാനം ആലപിച്ചു. ഒന്നാം ക്ലാസിലെ പുതിയ കൂട്ടുകാർ ഫോട്ടോ അയച്ചും വീഡിയോ അയച്ചും അവരെ പരിചയപ്പെടുത്തി. തുടർന്ന് കഥ,കവിത, ആംഗ്യപാട്ട് എന്നീ വിവിധങ്ങളായ പരിപാടികൾ അവതരിപ്പിച്ചു. പിന്നീട് പ്രവേശനോത്സവത്തിന് കുട്ടികൾ വീട്ടിൽ നടത്തിയ ഒരുക്കങ്ങളുടെയും പഠന മുറിയുടെയും ഫോട്ടോ വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവച്ചു. എല്ലാ ക്ലാസിലെയും കുട്ടികൾ കഥ, കവിത,ഡാൻസ്,അഭിനയഗാനം പ്രസംഗം,കോവിഡ് അനുഭവം, ആശംസകൾ അറിയിക്കൽ,നാടൻപാട്ട് തുടങ്ങിയ വിവിധങ്ങളായ പരിപാടികൾ അവതരിപ്പിച്ചു. എല്ലാ കുട്ടികളുടെയും പങ്കാളിത്തംകൊണ്ട് പരിപാടി ശ്രദ്ധേയമായി. പരിപാടിക്ക് ഒടുവിൽ രക്ഷിതാക്കളുടെ അഭിപ്രായപ്രകടനവും ഉണ്ടായി. എല്ലാംകൊണ്ടും ഈ വർഷത്തെ ഓൺലൈൻ പ്രവേശനോത്സവം കുട്ടികൾക്ക് പുതിയൊരു അനുഭവമായി മാറി.

# ഉദ്ഘാടനം




## പഠനോപകരണങ്ങൾ അടങ്ങിയ സമ്മാനക്കിറ്റ് അദ്ധ്യാപകർ കുട്ടികളുടെ വീടുകളിൽ എത്തിക്കുന്നു






വീട്ടുതല പ്രവേശനോത്സവം




## കുട്ടികളുടെ കലാപരിപാടികൾ

